(എഫ്) ഒന്നാം സ്ഥാനത്തിന് അർഹമായ മുനിസിപ്പാലിറ്റിയെ കണ്ടെത്തിയിട്ടില്ല.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ

*21 [171] ശ്രീ. ബിനോയ് വിശ്വം:
,, കെ. പി. രാജേന്ദ്രൻ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ കണക്കിനു വേണ്ടിയുള്ള സർവ്വേ പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ എത്ര ശതമാനം പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വേയ്ക്കുവേണ്ടിയുള്ള ചോദ്യാവലി തയ്യാറാക്കിയിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച മാനദണ്ഡങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തായിരുന്നു എന്ന് വിശദമാക്കുമോ;

(ഡി) നിലവിൽ സംസ്ഥാനത്ത് എത്ര ശതമാനം പേർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) പത്താം പദ്ധതിക്കാലത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനായുള്ള ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യരേഖാ സെൻസസ് പൂർത്തിയായിട്ടുണ്ട്. സെൻസസ് ഫോറങ്ങളിലെ വിവരങ്ങൾ ഇപ്പോൾ കമ്പ്യൂട്ടറൈസ് ചെയ്തുവരുന്നു. ഈ ജോലി പൂർത്തിയായശേഷം മാത്രമേ നിലവിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ എത്ര ശതമാനം പേരുണ്ടെന്ന് വ്യക്തമാകുകയുള്ളൂ.

(ബി, സി) ഉണ്ട്. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ദാരിദ്ര്യരേഖാ സെൻസസ് നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫോറത്തിന് രണ്ട് ഭാഗങ്ങളുണ്ട്. ഭാഗം (എ)-ൽ കുടുംബത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ്. ഭാഗം (ബി) ദാരിദ്ര്യ നിർണ്ണയത്തിനുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുള്ളതാണ്. ഇതിനായി ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ 13 സൂചകങ്ങൾ നൽകിയിട്ടുണ്ട്. ഓരോ സൂചകത്തിന്മേലും 0, 1, 2, 3, 4 എന്നിങ്ങനെ അഞ്ച് സ്കോർ നൽകുന്നതിന് വ്യവസ്ഥയുണ്ട്. കുടുംബത്തിന്റെ സ്ഥിതിയനുസരിച്ച് ഓരോ സൂചകത്തിന്മേലും ഏറ്റവും അനുയോജ്യമായ സ്കോർ നൽകേണ്ടതാണ്. ഓരോ കുടുംബത്തിനും 13 സൂചകങ്ങളിലുമായി ലഭിക്കുന്ന ആകെ സ്കോർ കണക്കാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ കുടുംബത്തിന്റെയും സ്ഥാനം ആരോഹണക്രമത്തിൽ നിശ്ചയിക്കേണ്ടതുമാണ്. ഓരോ സംസ്ഥാനത്തും ദാരിദ്ര്യരേഖാ സെൻസസിലൂടെ കണ്ടെത്തുന്ന പാവപ്പെട്ട ആളുകളുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ 1999-2000-ൽ

LIBRARY ARCHIVES Kerala Legislative Assembly

തിട്ടപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ പാവപ്പെട്ട ആളുകളുടെ എണ്ണമോ അല്ലെങ്കിൽ ഈ എണ്ണത്തിൽ പ്ലാനിംഗ് കമ്മീഷൻ വരുത്തിയ നീക്കിപോക്ക് അനുസരിച്ചുള്ള കണക്കോ ഏതാണോ കൂടുതൽ അതിൽ കൂടുതൽ ആകാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം കണക്കിലെടുത്ത് വേണം സംസ്ഥാനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിനുള്ള കുറഞ്ഞ സ്കോർ നിശ്ചയിക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്ന് സൂചകങ്ങളിലുമായി ഓരോ കുടുംബത്തിനും ലഭിക്കുന്ന സ്കോർ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിനുള്ള കുറഞ്ഞ സ്കോർ എന്നിവയെ അടിസ്ഥാനമാക്കിയാണ് ദരിദ്ര കുടുംബങ്ങളെ നിർണ്ണയിക്കേണ്ടത്.

(ഡി) ഒൻപതാം പദ്ധതിയ്ക്കായി നടത്തിയ ദാരിദ്ര്യരേഖാ സെൻസസ് അനുസരിച്ച് ഗ്രാമപ്രദേശങ്ങളിലെ 36.56 ശതമാനം കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. പത്താം പദ്ധതിക്കാലത്തേയ്ക്ക്വേണ്ടി ശേഖരിച്ച സെൻസസ് ഫോറങ്ങളിലെ വിവരങ്ങൾ കംപ്യൂട്ടറൈസ് ചെയ്ത് കഴിഞ്ഞാൽ മാത്രമേ നിലവിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെ എത്ര ശതമാനം പേരുണ്ടെന്ന് വെളിപ്പെടുത്താൻ കഴിയുകയുള്ളൂ.

ഓഫീസുകളിൽ പരിശോധന നടത്തുന്നതിനുള്ള അനുമതി

*22 [172] ശ്രീ. മഞ്ഞളാംകുഴി അലി:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, കെ. കെ. ജയചന്ദ്രൻ:
,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ പരിശോധന നടത്തുന്നതിന് ഏതെങ്കിലും വിദേശ ഏജൻസികൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ഏജൻസികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്;

(സി) ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കുമായുള്ള കരാറിൽ സംസ്ഥാന സർക്കാർ ഓഫീസുകളിൽ പരിശോധനയ്ക്കുള്ള അനുമതി വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഡി.പി.ഐ. ഓഫീസ് ഉൾപ്പെടെ വിവിധ ഓഫീസുകളിൽ പരിശോധനക്ക് എ.ഡി.ബി. ഉദ്യോഗസ്ഥർക്ക്. അനുമതി നൽകിയത് ആരാണെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഇല്ല. എന്നാൽ ചില സെക്രട്ടറിമാരും വകുപ്പ് തലവൻമാരുമായി ചർച്ച നടത്തുവാൻ അനുവദിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly